"ഭരണഭാഷ - മാതൃഭാഷ"

നം: 11685/dge/20

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി : 01/02/2021

പ്രേക്ഷകൻ

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

സ്വീകർത്താവ്

വിദ്യാഭ്യാസ ഉപഡയരക്ടർമാർ,ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ,
ഉപജില്ല വിദ്യാഭ്യാസ ഓഫീസർമാർ

സർ,

വിഷയം :- പൊതുവിദ്യാഭ്യാസം - എൽ. എസ്. എസ്/ യു.എസ്.എസ് സ്കോളർഷിപ്പ്/ നാഷണൽ സ്കോളർഷിപ്പ് എന്നിവ അർഹരായ കുട്ടികൾക്ക് വിതരണം നടത്തുന്നത് -സംബന്ധിച്ച്

സൂചന :- പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 30/11/20 ലെ എ 5/5608/20 നമ്പർ കത്ത്.

സൂചന ശ്രദ്ധിക്കുക. സൂചന കത്ത് വിശദമായി പരിശോധിച്ചതിൽ സംസ്ഥാന സർക്കാർ വിതരണം ചെയ്യുന്ന സ്കോളർഷിപ്പുകളായ മുസ്ലിം/നാടാർ/ആംഗ്ലോ ഇന്ത്യൻ മറ്റു പിന്നോക്ക , മുന്നോക്ക വിഭാഗങ്ങളിലെ ദാരിദ്ര രേഖയ്ക്ക് താഴെ വരുമാനമുള്ള പെൺകുട്ടികൾക്കുള്ള സ്കോളർഷിപ്പ് / എൽ. എസ്. എസ്/ യു.എസ്.എസ് സ്കോളർഷിപ്പ്/ നാഷണൽ സ്കോളർഷിപ്പ് എന്നിവ അർഹരായ കുട്ടികൾക്ക് വിതരണം നടത്തുന്നതിന്, ടി സ്കോളർഷിപ്പുകൾ എഴുതുന്ന അർഹരാകുന്ന കുട്ടികൾ സ്കൂൾ മാറി പോകുന്ന സാഹചര്യത്തിൽ ചുവടെ ചേർക്കുന്ന മാനദണ്ഡങ്ങൾ കൃത്യമായും പാലിക്കേണ്ടതാണ്.

1)സ്കോളർഷിപ്പ് പരീക്ഷ എഴുതി അർഹത നേടുന്ന വിദ്യാർത്ഥി സ്കൂൾ മാറി പോകുമ്പോൾ, വിദ്യാർത്ഥി പുതിയതായി ചേരുന്ന സ്കൂളിലെ പ്രധാന അധ്യാപകനെ ഔദ്യോഗികമായി ടി വിവരം അറിയിക്കേണ്ടതാണ്.

2) സ്കോളർഷിപ്പിന് അർഹത നേടുന്ന വിദ്യാർത്ഥി സ്കൂൾ മാറി പോകുമ്പോൾ, ടി വിവരം എതെങ്കിലും സാഹചര്യത്തിൽ മാറി പോകുന്ന സ്കൂളിലെ പ്രധാന അധ്യാപകനെ അറിയിക്കാൻ പറ്റാത്ത അവസ്ഥയുണ്ടെങ്കിൽ തുടർന്നും ടി വിദ്യാർത്ഥിക്ക് സ്കോളർഷിപ്പ് ലഭ്യമാക്കുന്നതിനുള്ള ഉത്തരവാദിത്വം, സ്കോളർഷിപ്പിന് അർഹത നേടിയ സ്കൂളിലെ പ്രധാനാധ്യാപകനാണ്.

3) ഒരു സാഹചര്യത്തിലും മേൽ സ്കോളർഷിപ്പ് അർഹത നേടുന്ന വിദ്യാർത്ഥിക്ക് സ്കോളർഷിപ്പ് തുക, സർട്ടിഫിക്കറ്റ് എന്നിവ നഷ്ടപ്പെടാൻ പാടുള്ളതല്ല. ടി കാര്യങ്ങൾ അതാത് വിദ്യാഭ്യാസ ഓഫീസർമാർ ഉറപ്പ് വരുത്തേണ്ടതാണ്.

4) മേൽ നിർദ്ദേശങ്ങൾ അതാത് വിദ്യാഭ്യാസ ഓഫീസർമാർ തങ്ങളുടെ അധികാര പരിധിയിലുള്ള സ്കൂളിലെ പ്രധാനാധ്യാപകരെ രേഖാമൂലം അറിയിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

Signature valid
Digitally signed by SUMATHY
D G
Date: 2021.02.01 13:02:02 IST
Reason: Approved

പൊതുവിദ്യാഭ്യാസ ഡയരക്ടർക്കു വേണ്ടി

Scanned with CamSca